LIBRARY ARCHIVES Kerala Legislative Assembly

യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റ് അനുബന്ധ പ്രവൃത്തികൾക്കും അനുമതി നൽകുന്നത് പരിഗണിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

V റിപ്പോർട്ടുകളുടെ സമർപ്പണം

1. കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI ക്രമപ്രശ്നം

(1) കാര്യോപദേശക സമിതി റിപ്പോർട്ട് മുൻകൂറായി സർക്കുലേറ്റ് ചെയ്തത് സംബന്ധിച്ച്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ അത് സഭയിൽ സർക്കുലേറ്റ് ചെയ്യാൻ പാടുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ആ പ്രശ്നമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. അതുസംബന്ധിച്ച് റൂൾ ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം.

റിപ്പോർട്ട് സമർപ്പണം - തുടർച്ച

2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.